**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040** **14-02-2024 - ൽ മറുപടിയ്ക്ക്**

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും പദ്ധതി എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | തോട്ടുമുഖം പദ്ധതിയുടെ ആദ്യഘട്ടത്തിലെ സിവിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്. പമ്പ് ഹൗസിലേക്കുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി-ലേയ്ക്ക് അടയ്ക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാലുടൻ ഫണ്ട് ലഭ്യമാക്കി ഈ മാസം തന്നെ പദ്ധതി പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അനുമതി ലഭ്യമാക്കി പദ്ധതി പൂർണ്ണമായും പ്രയോജനകരമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ടി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് നിലവിലുള്ള പമ്പ് ഹൗസിന്റെ അറ്റകുറ്റപണികൾ Steel roof truss, boundary wall with fencing, platform near transformer yard എന്നീ പ്രവൃത്തികൾ അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ, ടി പ്രവൃത്തികൾക്കായി Phase II Thottumugham LI Scheme in Varandarappilly Panchayath എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രവൃത്തികൾ നിലവിൽ പൂർത്തീകരണ ഘട്ടത്തിലുമാണ്. കൂടാതെ പൊതുജനങ്ങളുടെ അഭ്യർത്ഥന മാനിച്ച് ടി പ്രദേശത്തെ 120 ഹെക്ടർ ആയക്കെട്ടിൽ കൂടി ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന്, തോട്ടുമുഖം പദ്ധതിയുടെ അടുത്തഘട്ടത്തിന്റെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ